സ്വർഗീയധ്വനി
ക്രിസ്തീയ പത്രം MGM Ministries-Article Source: 2020 ഫെബ്രുവരി 20

# ദൗത്യം മറക്കുന്ന സഭകൾ

ഭൂമിയിൽ ദൈവം സ്ഥാപിച്ച രണ്ട് സ്ഥാപനങ്ങളാണ് ദൈവ സഭയും കുടുംബവും. സഭയുടെ സ്ഥാപകനും ഉടമസ്ഥനും പരിപാലകനും പണിയുന്നവനും ദൈവം തന്നെയാണ്. സംഘടനയോ ആൾകൂട്ടമോ അല്ല ദൈവസഭ. ചില പ്രത്യേക ദിവസങ്ങളിൽ പ്രത്യേക പ്രോഗ്രാമുകൾ നടത്തി പിരിയാനുള്ള ക്ലബുകളല്ല സഭ. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അവയവങ്ങളാണ് ഓരോ വിശ്വാസിയും.

സഭയ്ക്ക് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം 'എക്ലീസിയ' എന്നാണ്. ഈ വാക്കിന്റെ അർത്ഥം, ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി കർത്താവിനാൽ വിളിച്ചു ചേർക്കപ്പെട്ടവരുടെ കൂട്ടം എന്നാണ്. സഭയിലുള്ള ഓരോ വ്യക്തികളും ദൈവത്താൽ സഭയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടവരാണ്. അവർ വീണ്ടും ജനനം പ്രാപിച്ചവരുടെ കൂട്ടമാണ്. സഭയെ ക്രിസ്തുവിന്റെ ശരീരം എന്ന് ആലങ്കാരികമായി വിശേഷിപ്പിക്കുന്നു. അപ്രകാരം തലയായ ക്രിസ്തുവും അവയവങ്ങളായ വിശ്വാസികളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

സഭയെ കുറിച്ചുള്ള ദൈവത്തിന്റെ ലക്ഷ്യം സുവിശേഷീകരണമാണ്. ഈ ഭൂമിയിൽ ഒരു പ്രത്യേക കൂട്ടമായി നില നിന്നുകൊണ്ട്, ഏക സത്യ ദൈവത്തെ ഉയർത്തികാട്ടുകയും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുകയും, സുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കുകയും ചെയ്യുകയെന്നതാണ് സഭയുടെ ഉദ്ദേശ്യം. രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർക്കുന്നത് ദൈവമാണ്. എന്നാൽ രക്ഷയുടെ സന്ദേശം ലോകത്തെ അറിയിക്കാനുള്ള ഉത്തരവാദിത്വം സഭക്കാണ്. നമുക്കാണ്. "..... ജാതികൾ സുവിശേഷത്താൽ ക്രിസ്തുവയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ...." (എഫെ. 3:6).

സഭ, പല ജാതികളിൽ നിന്നും ദേശത്തു നിന്നും ഭാഷകളിൽ നിന്നും ഉള്ളവർ ചേർന്നവരാണ്. "യഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു..." (1കൊരി. 12:13).

ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പേരിൽ ഇവിടെ മനുഷ്യർ തമ്മിൽ കടിച്ചുകീറുമ്പോൾ, എല്ലാ വേലിക്കെട്ടുകളെയും തകർത്തുകൊണ്ട് മനുഷ്യനെ ഒന്നായി കാണുന്ന ദൈവിക സ്ഥാപനമാണ് സഭ. ഇവിടെ എല്ലാവരുടെയും പശ്ചാത്തലം ഒന്നുതന്നെയാണ്. എല്ലാവരും പാപികൾ എന്ന കുലത്തിൽപെട്ടവരായിരുന്നു. എല്ലാവരും ആത്മീയ മരണം പ്രാപിച്ചവരായിരുന്നു. എല്ലാവരുടെയും രക്ഷകൻ യേശുവാണ്. എല്ലാവരെയും ശുദ്ധീകരിച്ചത് ഓരേ രക്തമാണ്. എല്ലാവരെയും രക്ഷിക്കാൻ മുതൽ മുടക്കിയത് ഒരാൾ തന്നെയാണ്. എല്ലാവരും ആരാധിക്കുന്നത് ഏക ദൈവത്തെയാണ്. എല്ലാവരും ഒരേ ആത്മീയ പാറയിൽ നിന്നും കുടിക്കുന്നു. നമുക്ക് ഒരേ ലക്ഷ്യമേ പാടുള്ളൂ. ദൈവരാജ്യം സ്ഥാപിക്കുക. ഒരേ സന്ദേശം അറിയിക്കാം. "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക! പിന്നെന്തിനാണ് സഭയിൽ വേർതിരിവുകൾ?


പാസ്റ്റർ ഫിലിപ്പ് പി. തോമസ്

"ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികൾ...." ആകണം. സുവിശേഷം കേട്ടുവേണം പാപികൾ മാനസാന്തരപ്പെടാൻ. രോഗസൗഖ്യവും, ഭൗതിക വിടുതലും ഒക്കെ ചിലർ സുവിശേഷം കേൾക്കുവാൻ കാരണമാകുന്നുണ്ട്. എന്നാൽ ഇതൊന്നും സുവിശേഷത്തിന് പകരമല്ല. സുവിശേഷം അറിയിക്കുവാൻ നാം ഏവരും ബാധ്യസ്ഥരാണ്. "ദൂതർക്കും കൂടവകാശം ലഭ്യമാകാതുള്ള രക്ഷ ദൂതറിയിച്ചിടാൻ ഭാഗ്യം ലഭിച്ചെനിക്ക്......." എന്ന് നാലു ചുവരിനുള്ളലിരുന്ന് ആർത്തുപാടി ആത്മാവിലാകുന്ന എത്രപേർ ഈ ദൂത് അറിയിച്ചിട്ടുണ്ട്. ഒന്നുകിൽ പാട്ടു നിർത്തണം, അല്ലായെങ്കിൽ സുവിശേഷം അറിയിക്കണം.

ആഴ്ചയിലൊരിക്കൽ മൂന്നുമണിക്കൂർ യോഗം കൂടുക മാത്രമാണ് ഭൂരിപക്ഷം സഭാംഗങ്ങളും ചെയ്യുന്നത്. എല്ലാ ആഴ്ചയും കൃത്യമായി നടക്കുന്ന ഒരു അലിഖിത പ്രോഗ്രാമുണ്ട്. ചിലർക്ക് ആരാധനയെക്കാൾ താൽപര്യം ആളുകളിക്കാനാണ്, വചനശുശ്രൂഷയെക്കാൾ താൽപര്യം ഗാനസന്ധ്യയോടാണ്. ആത്മീയ വളർച്ചയോ പക്വതയോ ഇല്ലാത്ത ചിലർ പ്രായത്തിന്റെ മാത്രം ആനുകൂല്യത്തിൽ സഭയിൽ മൂപ്പന്മാരായി വാണരുളുന്നു. പ്രായമായാൽ മൂപ്പനാവുകയല്ല, വയസ്സനാകുകയാണെന്ന് ഇവർ മനസിലാക്കുന്നില്ല. പാസ്റ്ററും സഭയിലെ ആത്മീയരും പറയുന്ന എല്ലാറ്റിനും തടസം പറയുകയാണ് ഇവരുടെ കലാപരിപാടി. സഭകൾ വെറും ക്ലബുകളായി തരംതാണു പോവുകയാണ്. സുവിശേഷീകരണത്തിന് പ്രാധാന്യം കൊടുക്കാത്ത സഭകൾ മരിച്ചതാണ്.

ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പേരിൽ ഇവിടെ മനുഷ്യർ തമ്മിൽ കടിച്ചു കീറുമ്പോൾ, എല്ലാ വേലിക്കെട്ടുകളെയും തകർത്തുകൊണ്ട് മനുഷ്യനെ ഒന്നായി കാണുന്ന ദൈവിക സ്ഥാപനമാണ് സഭ. ഇവിടെ എല്ലാവരുടെയും പശ്ചാത്തലം ഒന്നുതന്നെയാണ്. എല്ലാവരും പാപികൾ എന്ന കുലത്തിൽപെട്ടവരായിരുന്നു. എല്ലാവരും ആത്മീയ മരണം പ്രാപിച്ചവരായിരുന്നു. എല്ലാവരുടെയും രക്ഷകൻ യേശുവാണ്. എല്ലാവരെയും ശുദ്ധീകരിച്ചത് ഓരേ രക്തമാണ്. എല്ലാവരെയും രക്ഷിക്കാൻ മുതൽ മുടക്കിയത് ഒരാൾ തന്നെയാണ്. എല്ലാവരും ആരാധിക്കുന്നത് ഏക ദൈവത്തെയാണ്.

സുവിശേഷീകരണത്തിനുള്ള, സാക്ഷ്യത്തിനുള്ള ശക്തിയായാണ് ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ നൽകിയത്. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ച് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അപ്പോ. 1:8). എന്നാൽ ഈ ശക്തി പ്രാപിച്ചുവെന്ന് അവകാശപ്പെടുന്നവർ എത്രപേർ സുവിശേഷത്തിനു സാക്ഷികൾ ആകുന്നുണ്ട്? ശക്തി ലഭിച്ച ചിലർ ഇപ്പോൾ തീ ഇറക്കാൻ തീ കച്ചവടം നടത്തി ലക്ഷങ്ങൾ നേടുകയാണ്. ചിലരെ തീയിൽ നിന്നും വലിച്ചെയുക്കുകയാണ് നമ്മുടെ ലക്ഷ്യം. തീയിൽ നിന്നും വലിച്ചെടുക്കാൻ സുവിശേഷം പറയണം.

സഭയുടെ സുവിശേഷീകരണത്തിന്റെ ഭാഗമായി ലക്ഷങ്ങൾ മുടക്കി നടക്കുന്ന എത്ര കൺവൻഷനുകളിൽ നിർമല സുവിശേഷം അറിയിക്കുന്നുണ്ട്. കലാകാരന്മാരുടെ കലാ പ്രകടനവും കോമഡി പറച്ചിലും വിമർശനങ്ങളുമല്ലാതെ സുവിശേഷം എവിടെ പറയുന്നു? ആര് പറയുന്നു? നെയ് ഇല്ലാത്ത നെയ്യപ്പംപോലെ സുവിശേഷം ഇല്ലാത്ത സുവിശേഷ യോഗങ്ങൾ എന്തിനാണ്? പെന്തെക്കോസ്ത് വളർന്നത് ഗാനസന്ധ്യ നടത്തിയും കോമഡി പ്രസംഗം നടത്തിയുമല്ല, സുവിശേഷ പ്രസംഗത്തിലൂടെയും കൃപാവര ശുശ്രൂഷയിലൂടെയുമാണ്. നമുക്ക് മടങ്ങാം. സുവിശേഷത്തിന്റെ കൊടി ഉയർത്താം.

MGM Ministries-Article Source: